| 18-06-2024 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ- അവഗുണങ്ങളെ കളയുന്നതിനുള്ള പൂർണ്ണ പുരുഷാർത്ഥം ചെയ്യൂ, ഏത് ഗുണമാണോ കുറവ് അതിന്റെ കണക്ക് വെയ്ക്കൂ, ഗുണങ്ങളുടെ ദാനം ചെയ്യൂ എങ്കിൽ ഗുണവാനായി മാറും.**

**ചോദ്യം-** ഗുണവാനായി മാറാൻ ആദ്യമാദ്യം ലഭിച്ച ശ്രീമതം ഏതാണ്?
**ഉത്തരം-** മധുരമായ കുട്ടികളേ- ഗുണവാനായി മാറണമെങ്കിൽ- 1. ആരുടേയും ദേഹത്തെ നോക്കരുത്. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ. ഒരു ബാബയിൽ നിന്നും കേൾക്കൂ, ഒരു ബാബയെ മാത്രം കാണൂ. മനുഷ്യ മതത്തെ കാണരുത്. 2. ബാബയുടേയോ ബ്രാഹ്മണ കുലത്തിന്റേയോ പേര് മോശമാകുന്ന തരത്തിലുള്ള ഒരു കാര്യവും ദേഹാഭിമാനത്തിന് വശപ്പെട്ട് ചെയ്യരുത്. തലതിരിഞ്ഞ പെരുമാറ്റമുള്ളവർക്ക് ഗുണവാനാകാൻ സാധിക്കില്ല. അവരെ കുല കളങ്കിതർ എന്നാണ് വിളിക്കുന്നത്.

**ഓംശാന്തി**. (ബാപ്ദാദയുടെ കൈയ്യിൽ മുല്ലപ്പൂവുണ്ടായിരുന്നു) ഇങ്ങനെയുള്ള സുഗന്ധമുള്ള പുഷ്പമായി മാറുന്നതിന്റെ സാക്ഷാത്ക്കാരം ബാബ ചെയ്യിക്കുകയാണ്. കുട്ടികൾക്ക് അറിയാം നമ്മൾ തീർച്ചയായും പുഷ്പമായി മാറിയിരുന്നു. പനിനീർ പൂവായും മുല്ലപ്പൂവായും മാറിയിരുന്നു അഥവാ വജ്രമായിരുന്നു, ഇപ്പോൾ വീണ്ടും ആവുകയാണ്. ഇതാണ് സത്യം, മുമ്പ് അസത്യമായിരുന്നു. അസത്യം തന്നെ അസത്യം, സത്യത്തിന്റെ ഒരു കണിക പോലും ഇല്ല. ഇപ്പോൾ നിങ്ങൾ സത്യമായി മാറുകയാണ് അതിനാൽ സത്യമായവരിൽ മുഴുവൻ ഗുണങ്ങളും ആവശ്യമാണ്. ആരിൽ എത്ര ഗുണങ്ങളുണ്ടോ അത് മറ്റുള്ളവർക്ക് നൽകി തനിക്കു സമാനമാക്കി മാറ്റാൻ സാധിക്കും അതിനാലാണ് ബാബ കുട്ടികളോട് പറഞ്ഞു കൊണ്ടിരിക്കുന്നത്- കുട്ടികളേ, തന്റെ ഗുണങ്ങളുടെ കണക്ക് വെയ്ക്കൂ. തന്റെയുള്ളിൽ ഒരു അവഗുണവുമില്ലല്ലോ? ദൈവീക ഗുണങ്ങളിൽ എന്താണ് കുറവ്? ദിവസവും രാത്രിയിൽ തന്റെ കണക്ക് നോക്കണം. ലോകത്തിലെ മനുഷ്യരുടെ കാര്യംതന്നെ വേറെയാണ്. നിങ്ങൾ ഇപ്പോൾ മനുഷ്യരല്ലല്ലോ. നിങ്ങൾ ബ്രാഹ്മണരാണ്. തീർച്ചയായും മനുഷ്യരാണ്, എല്ലാവരും മനുഷ്യർ തന്നെയാണ്. പക്ഷേ എല്ലാവരുടേയും ഗുണത്തിലും പെരുമാറ്റത്തിലും വ്യത്യാസമുണ്ട്. മായയുടെ രാജ്യത്തിലും ചിലർ വളരെ നല്ലവരും ഗുണവാനുമായിരിക്കും പക്ഷേ അവർക്ക് അച്ഛനെ അറിയില്ല. വളരെ ധാർമ്മിക ബോധമുള്ളവരും നിർമ്മല ഹൃദയരുമായിരിക്കും. ലോകത്തിലെ മനുഷ്യരുടെ ഗുണങ്ങൾ വ്യത്യസ്തമാണ്. എപ്പോഴാണോ ദേവതയായി മാറുന്നത് അപ്പോൾ എല്ലാവരിലും ദൈവീക ഗുണങ്ങളുണ്ടാകും. പക്ഷേ പഠിപ്പിന്റെ ആധാരത്തിൽ പദവി കുറയാറുണ്ട്. ഒന്നാമത് പഠിക്കണം, രണ്ടാമത് അവഗുണങ്ങളെ ഇല്ലാതാക്കണം. ഇത് കുട്ടികൾക്ക് അറിയാവുന്നതാണ് നമ്മൾ മുഴുവൻ ലോകത്തിൽ നിന്നും വേറിട്ടതാണ്. ഇവിടെ ഇതുപോലെ ഒരേയൊരു ബ്രാഹ്മണ കുലമേയുള്ളു. ശൂദ്രകുലത്തിൽ മനുഷ്യമതമാണ്. ബ്രാഹ്മണകുലത്തിൽ ഈശ്വരീയ മതമാണ്. ആദ്യമാദ്യം നിങ്ങൾ അച്ഛന്റെ പരിചയം നൽകണം, നിങ്ങൾ പറയുന്നു ഇന്നയാൾ വാദിക്കുന്നുവെന്ന്. ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട്, എഴുതൂ നമ്മൾ ഈശ്വരീയ മതമനുസരിച്ച് നടക്കുന്ന ബ്രാഹ്മണർ അഥവാ ബ്രഹ്മാകുമാരി-കുമാരന്മാരാണ്, എങ്കിൽ മനസ്സിലാക്കും ഇവരിലും ഉയർന്നതായി മറ്റാരുമില്ല. ഉയർന്നതിലും ഉയർന്നത് ഭഗവാനാണ്, അതിനാൽ ഞങ്ങൾ ഭഗവാന്റെ മക്കൾ ഭഗവാന്റെ മതപ്രകാരമാണ് നടക്കുന്നത്. മനുഷ്യ മതത്തിലൂടെ ഞങ്ങൾ നടക്കുകയില്ല, ഈശ്വരീയ മതമനുസരിച്ച് നടന്ന് ഞങ്ങൾ ദേവതയാവുകയാണ്. മനുഷ്യമതം പൂർണ്ണമായും ഉപേക്ഷിച്ചിരിക്കുന്നു. പിന്നീട് നിങ്ങളോട് ആർക്കും വാദിക്കാൻ കഴിയില്ല. ചിലർ ചോദിക്കും ഇത് എവിടെ നിന്നാണ് കേട്ടത്, ആരാണ് പഠിപ്പിച്ചത്? നിങ്ങൾ പറയും ഞങ്ങൾ ഈശ്വരീയ മതത്തിലാണ്. പ്രേരണയുടെ കാര്യമില്ല. പരിധിയില്ലാത്ത അച്ഛനായ ഈശ്വരനിൽ നിന്നും ഞങ്ങൾ മനസ്സിലാക്കിയിട്ടുണ്ട്. പറയൂ, ഭക്തിമാർഗ്ഗത്തിലെ ശാസ്ത്രങ്ങളിലെ മതം അനുസരിച്ച് നമ്മൾ ഒരുപാട് നടന്നു. ഇപ്പോൾ നമുക്ക് ഈശ്വരീയ മതം ലഭിച്ചിരിക്കുന്നു. ഇപ്പോൾ കുട്ടികൾക്ക് ബാബയുടെ മഹിമ ചെയ്യണം. ആദ്യമാദ്യം ബുദ്ധിയിൽ ഇരുത്തണം, നമ്മൾ ഈശ്വരീയ മതത്തിലാണ്. മനുഷ്യമതത്തിലൂടെ ഞങ്ങൾ നടക്കുന്നില്ല, കേൾക്കുന്നുപോലുമില്ല. ഈശ്വരൻ പറഞ്ഞിട്ടുണ്ട്, മോശമായത് കേൾക്കരുത്, മോശമായത് കാണരുത്......... മനുഷ്യമതമാണ്. ആത്മാവിനെ കാണൂ, ശരീരത്തെ കാണരുത്. ഇത് പതിത ശരീരമാണ്. ഇതിൽ ഇനി എന്താണ് കാണാനുള്ളത്, ഈ കണ്ണുകൾകൊണ്ട് ഇതിനെ കാണാതിരിക്കു. ഈ ശരീരം പതിതത്തിലും പതിതമാണ്. ഇവിടെയുള്ള ഈ ശരീരം നേരെയാകാനുള്ളതല്ല ഇനിയും പഴയതാകാനുള്ളതാണ്. ദിനം പ്രതിദിനം നേരെയാകുന്നത് ആത്മാവാണ്. ആത്മാവാണ് അവിനാശി, അതിനാലാണ് ബാബ പറയുന്നത് മോശമായത് കാണരുത്. ശരീരത്തെപ്പോലും കാണരുത്. ദേഹസഹിതം ദേഹത്തിന്റെ എന്തെല്ലാം സംബന്ധങ്ങളുണ്ടോ അതിനെയെല്ലാം മറക്കണം. ആത്മാവിനെ കാണൂ, ഒരേ

ഒരു പരമാത്മ പിതാവിൽ നിന്നും കേൾക്കൂ, ഇതിലാണ് പരിശ്രമം. ഇത് വലിയ വിഷയമാണ് എന്ന് നിങ്ങൾക്ക് അനുഭവമാകുന്നു. ആരാണോ സമർത്ഥരായവർ അവർക്ക് പദവിയും ഉയർന്നത് ലഭിക്കും. സെക്കന്റിൽ ജീവന്മുക്തി പ്രാപ്തമാക്കാൻ സാധിക്കും. പക്ഷേ പുരുഷാർത്ഥം പൂർണ്ണമായി ചെയ്തില്ലെങ്കിൽ വളരെ അധികം ശിക്ഷകൾ അനുഭവിക്കേണ്ടതായി വരും.

നിങ്ങൾ കുട്ടികൾ ബാബയുടെ പരിചയം നൽകുന്നതിനായി അന്ധരുടെ ഊന്നുവടിയായി മാറിയിരിക്കുന്നു. ആത്മാവിനെ കാണാൻ കഴിയില്ല, അറിയാനേ കഴിയൂ. ആത്മാവ് എത്ര ചെറുതാണ്. ഈ ആകാശ തത്വത്തിൽ നോക്കൂ മനുഷ്യൻ എത്ര സ്ഥലമാണ് ഉപയോഗിക്കുന്നത്. മനുഷ്യൻ വരുകയും പോവുകയും ചെയ്യുന്നില്ലേ. ആത്മാവ് എവിടേയ്ക്കെങ്കിലും പോവുകയോ വരുകയോ ചെയ്യുന്നുണ്ടോ? ആത്മാവ് എത്ര കുറച്ച് സ്ഥലമാണ് ഉപയോഗിക്കുന്നത്! ചിന്തിക്കേണ്ട കാര്യമാണ്. ആത്മാക്കളുടെ കൂട്ടമുണ്ടാകും. ശരീരത്തെ അപേക്ഷിച്ച് നോക്കുമ്പോൾ ആത്മാവ് എത്ര ചെറുതാണ്, അത് എത്ര കുറച്ച് സ്ഥലമാണ് ഉപയോഗിക്കുന്നത്. നിങ്ങൾക്കാണെങ്കിൽ താമസിക്കാനായി വളരെ അധികം സ്ഥലം വേണം. ഇപ്പോൾ നിങ്ങൾ കുട്ടികൾ വിശാലബുദ്ധിയായിരിക്കുന്നു. ബാബ പുതിയ ലോകത്തിലേയ്ക്കായി പുതിയ കാര്യങ്ങൾ പറഞ്ഞു തരുകയാണ് മാത്രമല്ല പറഞ്ഞുതരുന്ന ആളും പുതിയതാണ്. മനുഷ്യരാണെങ്കിൽ എല്ലാവരിൽ നിന്നും കൃപ യാചിച്ചുകൊണ്ടിരിക്കുകയാണ്. തന്നോടുതന്നെ കൃപ കാണിക്കാൻ തന്റെയുള്ളിൽ ശക്തിയില്ല. നിങ്ങൾക്ക് ശക്തി ലഭിക്കുന്നുണ്ട്. നിങ്ങൾ ബാബയിൽ നിന്നും സമ്പത്ത് എടുത്തിട്ടുണ്ട് മറ്റാരെയും ദയാഹൃദയൻ എന്നു പറയാൻ കഴിയില്ല. മനുഷ്യനെ ഒരിയ്ക്കലും ദേവതയെന്നു വിളിക്കാൻ കഴിയില്ല. ദയാഹൃദയൻ ഒരേ ഒരു ബാബയാണ് മനുഷ്യനെ ദേവതയാക്കി മാറ്റുന്നത്, അതിനാലാണ് പറയുന്നത് പരമപിതാവ് പരമാത്മാവിന്റെ മഹിമ അപരം അപാരമാണ്, പരിധിയില്ലാത്തതാണ്. ഇപ്പോൾ നിങ്ങൾക്ക് അറിയാം ബാബയുടെ ദയയ്ക്ക് പരിധികളില്ല. ബാബ നിർമ്മിക്കുന്ന പുതിയ ലോകത്തിൽ എല്ലാം പുതിയതായിരിക്കും. മനുഷ്യരും മൃഗങ്ങളും പക്ഷികളും എല്ലാം സതോപ്രധാനമായിരിക്കും. ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട് നിങ്ങൾ ശ്രേഷ്ഠമായി മാറുമ്പോൾ നിങ്ങളുടെ ഉപകരണങ്ങളും അതുപോലെ ഉയർന്ന തരത്തിലുള്ളവയായിരിക്കും എന്ന് പാടിയിട്ടുണ്ട്. ആരിൽ നിന്നാണോ വിശ്വത്തിന്റെ ചക്രവർത്തീ പദം ലഭിക്കുന്നത് ആ ബാബയേയും ശ്രേഷ്ഠത്തിലും ശ്രേഷ്ഠം എന്നാണ് മഹിമ പാടുന്നത്. ബാബ വ്യക്തമായി പറയുന്നു ഞാൻ താലത്തിൽ സ്വർഗ്ഗം കൊണ്ടുവന്നിരിക്കുന്നു. അവരാണെങ്കിൽ താലത്തിൽ നിന്നും കുങ്കുമം മുതലായവ എടുക്കുന്നു എന്നാൽ ഇവിടെ പഠിപ്പാണ് കാര്യം. ഇതാണ് സത്യമായ പഠിപ്പ്. നമ്മൾ പഠിക്കുകയാണ് എന്ന് നിങ്ങൾ മനസ്സിലാക്കുന്നുണ്ട്. നിങ്ങൾ പാഠശാലയിലേയ്ക്ക് വന്നിരിക്കുകയാണ്, നിങ്ങൾ വളരെ അധികം പാഠശാലകൾ തുറക്കൂ എങ്കിൽ നിങ്ങൾ ചെയ്യുന്ന കാര്യങ്ങൾ കാണപ്പെടും. അഥവാ പിന്നീട് ആരെങ്കിലും തലതിരിഞ്ഞ കാര്യങ്ങൾ ചെയ്യുകയാണെങ്കിൽ അത് പേരിനെ മോശമാക്കും. ദേഹാഭിമാനമുള്ളവർ ചെയ്യുന്ന കാര്യങ്ങളേ വേറെയായിരിക്കും. അഥവാ ചെയ്യുന്ന കാര്യങ്ങൾ ഇങ്ങനെയുള്ളതാണെന്ന് കണ്ടാൽ അത് എല്ലാവരിലും കളങ്കം ചാർത്തും. ഇവരുടെ പ്രവർത്തികളിൽ ഒരു മാറ്റവുമില്ലെന്നു മനസ്സിലാക്കും അതിലൂടെ ബാബയുടെ നിന്ദ ചെയ്യുകയല്ലേ. സമയം എടുക്കും. മുഴുവൻ ദോഷവും ബാബയ്ക്കാണ് വരുന്നത്. പെരുമാറ്റം വളരെ നല്ലതായിരിക്കണം. നിങ്ങളുടെ സ്വഭാവത്തെ മാറ്റാൻ എത്ര സമയമെടുക്കുന്നു. നിങ്ങൾക്ക് അറിയാം ചിലരുടെ സ്വഭാവം വളരെ നല്ലതും ഒന്നാന്തരവുമായിരിക്കും. അത് കാണാനും കഴിയും. ബാബ ഇരുന്ന് ഓരോരോ കുട്ടികളേയും നോക്കും, ഇവരിൽ കളയേണ്ടതായ എന്ത് കുറവാണ് ഉള്ളത്. ഓരോരുത്തരുടേയും പരിശോധന നടത്തുന്നു. കുറവ് എല്ലാവരിലും ഉണ്ട്. അതിനാൽ ബാബ എല്ലാവരേയും നോക്കിക്കൊണ്ടിരിക്കുന്നു. റിസൾട്ട് നോക്കിക്കൊണ്ടിരിക്കുന്നു. ബാബയ്ക്ക് കുട്ടികളോട് സ്നേഹമുണ്ടാകുമല്ലോ. ഇവരിൽ ഇന്ന കുറവുണ്ട് അതിനാൽ ഇവർക്ക് ഉയർന്ന പദവി പ്രാപ്തമാക്കാൻ സാധിക്കില്ല എന്ന് ബാബയ്ക്ക് അറിയാം. അഥവാ കുറവുകൾ പരിഹരിച്ചില്ലെങ്കിൽ അത് വലിയ ബുദ്ധിമുട്ടാകും. നോക്കുമ്പോൾതന്നെ മനസ്സിലാകും. ഇനിയും സമയമുണ്ട് എന്നത് അറിയാം. ഓരോരുത്തരുടേയും പരിശോധന നടത്തുന്നു, ബാബയുടെ ദൃഷ്ടി ഓരോരുത്തരുടേയും ഗുണങ്ങളിൽ പെടുന്നുണ്ട്. നിങ്ങളിൽ ഒരു അവഗുണവും ഇല്ലല്ലോ? എന്ന് ചോദിക്കും. ബാബയുടെ മുന്നിൽ സത്യം പറയും. ചിലരിൽ ദേഹാഭിമാനം ഉണ്ടാകും അവർ സത്യം പറയില്ല. ബാബയാണെങ്കിൽ പറഞ്ഞുകൊണ്ടിരിക്കുന്നുണ്ട്– ആരാണോ സ്വയം ചെയ്യുന്നത് അവരാണ് ദേവത. പറയുന്നതിലൂടെ ചെയ്യുന്നവർ മനുഷ്യരാണ്, പറഞ്ഞിട്ടും ചെയ്യാത്തവർ...... ബാബ പറയുന്നു ഈ ജന്മത്തിലെ എന്തെല്ലാം കുറവുകളുണ്ടോ അതെല്ലാം സ്വയം ബാബയുടെ മുന്നിൽ പറയൂ. ബാബ എല്ലാവരോടും പറയുന്നു കുറവുകൾ സർജനോട് പറയണം. ശരീരത്തിന്റെ അസുഖമല്ല ഉള്ളിലെ അസുഖമെന്താണെന്ന് പറയണം. നിങ്ങളുടെ ഉള്ളിൽ എന്തെല്ലാം ആസുരീയ ചിന്തകളാണ് നടക്കുന്നത്? എങ്കിൽ ബാബ ഇതിനെക്കുറിച്ച് മനസ്സിലാക്കിത്തരും. ഏതുവരെ അവഗുണങ്ങൾ ഇല്ലാതാകുന്നില്ലയോ അതുവരെ നിങ്ങൾക്ക് ഉയർന്ന പദവി പ്രാപ്തമാക്കാൻ സാധിക്കില്ല, അവഗുണങ്ങൾ വളരെ അധികം നിന്ദ ചെയ്യിക്കുന്നതാണ്. ഭഗവാൻ നമ്മെ പഠിപ്പിക്കുന്നു! എന്നത് കേൾക്കുമ്പോൾ

മനുഷ്യർക്ക് തെറ്റിദ്ധാരണയുണ്ടാകുന്നു. ഭഗവാനാണെങ്കിൽ നാമരൂപങ്ങളിൽ നിന്നും വേറിട്ടതാണ്, സർവ്വ വ്യാപിയാണ്, ഭഗവാൻ എങ്ങനെ ഇവരെ പഠിപ്പിക്കും, ഇവരുടെ പെരുമാറ്റം എങ്ങനെയുള്ളതാണ്. നിങ്ങ ളുടെ ഗുണങ്ങൾ എത്ര ഒന്നാന്തരമായിരിക്കണം എന്നത് ബാബയ്ക്ക് അറിയാം. അവഗുണങ്ങളെ ഒളിപ്പി ച്ചാൽ ആർക്കും അമ്പ് തറയ്ക്കില്ല അതിനാൽ എത്ര സാധിക്കുമോ തന്റെ അവഗുണങ്ങളെ ഇല്ലാതാ ക്കിക്കൊണ്ടു പോകണം. തന്റെയുള്ളിൽ ഇന്ന ഇന്ന കുറവുകളുണ്ട് എന്ന് കുറിച്ചുവെക്കൂ എങ്കിൽ ഉള്ളിൽ മനസ്സ് കുത്തും. നഷ്ടമുണ്ടാകുമ്പോൾ മനസ്സിൽ അതീവ ദുഃഖമുണ്ടാകും. വ്യാപാരികൾ ദിവസവും തന്റെ കണക്ക് നോക്കും– ഇന്ന് എത്ര ലാഭമുണ്ടായി എന്ന് ദിവസവും കണക്കുകൾ പരിശോധിക്കും. ഈ ബാബയും പറയുന്നു ദിവസവും തന്റെ പെരുമാറ്റത്തെ നോക്കൂ. ഇല്ലെങ്കിൽ തന്റെതന്നെ നഷ്ടമുണ്ടാക്കി വെയ്ക്കും. ബാബയുടെ സൽപ്പേരിനെ നഷ്ടപ്പെടുത്തും.

ഗുരുവിന്റെ നിന്ദ ചെയ്യിപ്പിക്കുന്നവർക്ക് ഗതി ലഭിക്കില്ല. ദേഹാഭിമാനികൾക്ക് ഗതി ലഭിക്കില്ല. ദേഹീ അഭി മാനികൾക്ക് സദ്ഗതി ലഭിക്കും. എല്ലാവരും പുരുഷാർത്ഥം ചെയ്യുന്നതും ദേഹീ അഭിമാനിയായി മാറാനാ ണ്. ദിനം പ്രതിദിനം  നേരെയായിക്കൊണ്ടിരിക്കുന്നു. ദേഹാഭിമാനത്തിലൂടെ എന്തെല്ലാം കാര്യങ്ങളാണോ ചെയ്തുകൊണ്ടിരുന്നത് അതിനെയെല്ലാം ഇല്ലാതാക്കിക്കൊണ്ടിരിക്കുന്നു. ദേഹാഭിമാനത്തിൽ തീർച്ചയായും പാപം ഉണ്ടാകും അതിനാൽ ദേഹീ അഭിമാനിയായി മാറിക്കൊണ്ടിരിക്കൂ. ഇതും മനസ്സിലാക്കാൻ സാധിക്കും ആർക്കും ജനിക്കുമ്പോൾത്തന്നെ രാജാവാകാൻ സാധിക്കില്ല. ദേഹീ അഭിമാനിയാകുന്നതിൽ സമയം എടു ക്കുമല്ലോ. ഇതും നിങ്ങൾ മനസ്സിലാക്കുന്നുണ്ട്, ഇപ്പോൾ നമുക്ക് തിരിച്ച് പോകണം. ബാബയുടെ അടു ത്തേയ്ക്ക് കുട്ടികൾ വരുന്നു. ചിലർ 6 മാസങ്ങൾക്ക് ശേഷം വരുന്നു, ചിലർ 8 മാസങ്ങൾക്ക് ശേഷം വരുന്നു അപ്പോൾ ബാബ നോക്കും ഈ സമയം കൊണ്ട് ഇവരിൽ എന്ത് ഉന്നതിയുണ്ടായി? ദിനം പ്രതി ദിനം നന്നായിക്കൊണ്ടിരിക്കുന്നുണ്ടോ അതോ ഇപ്പോഴും കറുത്ത പാടുകളാണോ? ചിലർ മുന്നോട്ട് പോകവേ പഠിപ്പ് ഉപേക്ഷിക്കുന്നു. ബാബ പറയുന്നു എന്താണിത്, ഭഗവാൻ നിങ്ങളെ പഠിപ്പിക്കുന്നു ഭഗ വാനും ഭഗവതിയുമാക്കി മാറ്റുന്നു, എന്നിട്ടും ഇങ്ങനെയുള്ള പഠിപ്പ് നിങ്ങൾ ഉപേക്ഷിക്കുന്നോ! കഷ്ട മാണ്! വിശ്വത്തിന്റെ ഈശ്വരീയ പിതാവ് പഠിപ്പിക്കുന്നു, എന്നിട്ട് അതിൽ ആബ്സെന്റ് ആവുകയോ! മായ എത്ര പ്രബലനാണ്. ഒന്നാന്തരം പഠിപ്പിൽ നിന്നും നിങ്ങളുടെ മുഖത്തെ തിരിപ്പിക്കുന്നു. വളരെ അധികം പേർ മുന്നോട്ട് പോകുന്നുണ്ട്, പിന്നീട് പഠിപ്പിനെ പുറംകാലുകൊണ്ട് അടിക്കുന്നു. ഇത് നിങ്ങൾ മനസ്സിലാ ക്കുന്നുണ്ട് ഇപ്പോൾ നമ്മുടെ മുഖം സ്വർഗ്ഗത്തിനുനേരെയാണ്, കാല് നരകത്തിനുനേരെയും. നിങ്ങളാണ് സംഗമയുഗത്തിലെ ബ്രാഹ്മണർ. ഇത് പഴയ രാവണന്റെ ലോകമാണ്. നമ്മൾ ശാന്തിധാമം വഴി സുഖധാമ ത്തിലേയ്ക്ക് പോകും. കുട്ടികൾക്ക് ഇതുതന്നെ ഓർമ്മവെയ്ക്കണം. സമയം വളരെ കുറവാണ്, ശരീരം നാളെ വേണമെങ്കിലും വിടാം. ബാബയുടെ ഓർമ്മയില്ലെങ്കിൽ പിന്നീട് അന്തിമ സമയത്ത്......... ബാബ വളരെ അധികം മനസ്സിലാക്കിത്തരുന്നുണ്ട്. ഇതെല്ലാം ഗുപ്തമായ കാര്യങ്ങളാണ്. ജ്ഞാനവും ഗുപ്തമാ ണ്. ഇതും അറിയാം കല്പം മുമ്പ് ആര് എത്ര പുരുഷാർത്ഥം ചെയ്തുവോ അത്രയേ ചെയ്യൂ. ഡ്രാമ അനു സരിച്ച് ബാബയും കല്പം മുമ്പത്തേതുപോലെ മനസ്സിലാക്കിത്തന്നുകൊണ്ടിരിക്കുന്നു, ഇതിൽ വ്യത്യാസം വരുക സാദ്ധ്യമല്ല. ബാബയെ ഓർമ്മിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ നിങ്ങളുടെ വികർമ്മം വിനാശമാ കും. ശിക്ഷകൾ അനുഭവിക്കരുത്. ബാബയുടെ മുന്നിൽ ഇരുന്ന് ശിക്ഷകൾ അനുഭവിച്ചാൽ ബാബ എന്ത് പറയും! നിങ്ങൾ സാക്ഷാത്ക്കാരവും ചെയ്തിട്ടുണ്ട്, ആ സമയത്ത് മാപ്പു നൽകില്ല. ബ്രഹ്മാവിലൂടെയാണ് ബാബ പഠിപ്പിക്കുന്നത് അതിനാൽ സാക്ഷാത്ക്കാരവും ഇവരുടേതാണ് ഉണ്ടാവുക. ഇവരിലൂടെ അവി ടെയും സാക്ഷാത്ക്കാരം കാണിച്ചുതരും നിങ്ങൾ ഇന്ന ഇന്ന കാര്യം ചെയ്തുവെന്ന് പിന്നീട് ആ സമ യത്ത് വളരെ അധികം കരയും, നിലവിളിക്കും, പശ്ചാത്തപിക്കുകയും ചെയ്യും. സാക്ഷാത്ക്കാരമില്ലാതെ ശിക്ഷ നൽകാൻ കഴിയില്ല. പറയും നിങ്ങളെ ഇത്രയും പഠിപ്പിച്ചു എന്നിട്ടും നിങ്ങൾ ഇങ്ങനെ ഇങ്ങനെ യുള്ള കാര്യങ്ങൾ ചെയ്തു. നിങ്ങളും മനസ്സിലാക്കുന്നു രാവണ മതത്തിലൂടെ നമ്മൾ എത്ര പാപകർമ്മ ങ്ങൾ ചെയ്തു. പൂജ്യരിൽ നിന്നും പൂജാരിയായി മാറി. ബാബയെ സർവ്വവ്യാപി എന്നു പറഞ്ഞുവന്നു. ഇതാണ് നമ്പർ വൺ ഇൻസൾട്ട്. ഇതിന്റെ കണക്ക് വഴക്കും വളരെ അധികമാണ്. ബാബ മനസ്സിലാക്കിത്ത രുകയാണ്, നിങ്ങൾ എങ്ങനെയാണ് സ്വയം തന്നെത്താനേ ചാട്ടവാറുകൊണ്ട് അടിച്ചത്. ഭാരതവാസികൾ എത്ര അധഃപതിച്ചിരിക്കുന്നു. ബാബ വന്ന് മനസ്സിലാക്കിത്തരുകയാണ്. ഇപ്പോൾ നിങ്ങൾ എത്ര വിവേക ശാലിയായി മാറി. പക്ഷേ നമ്പർവൈസായാണ് മനസ്സിലാക്കുന്നത് അതും ഡ്രാമ അനുസരിച്ച്. ഇതുവരെ യുള്ള ക്ലാസിന്റെ റിസൾട്ട് ഇതിനുമുമ്പും ഇതുതന്നെയായിരുന്നു. ബാബ പറയുകയാണെങ്കിൽ അത് ശരി യായിരിക്കുമല്ലോ. അതിനാൽ കുട്ടികൾ തന്റെ ഉന്നതി ചെയ്തുകൊണ്ടിരിക്കണം. മായ ഇങ്ങനെയാണ് അത് ദേഹീ അഭിമാനിയായിരിക്കാൻ അനുവദിക്കില്ല. ഇത് വളരെ വലിയ വിഷയമാണ്. സ്വയം ആത്മാവാ ണെന്നു മനസ്സിലാക്കി അച്ഛനെ ഓർമ്മിക്കൂ എങ്കിൽ പാപം ഭസ്മമാകും. ശരി!
വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും

പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്തേ.

## ധാരണയ്ക്കുള്ള മുഖ്യസാരം-

1. ദേഹാഭിമാനത്തിൽ വരുന്നതിലൂടെ പാപം തീർച്ചയായും ഉണ്ടാകും, ദേഹാഭിമാനമുള്ളവർക്ക് സദ്ഗതി ലഭിക്കുക സാധ്യമല്ല, അതിനാൽ ദേഹീ അഭിമാനിയായി മാറുന്നതിനുള്ള പൂർണ്ണ പുരുഷാർത്ഥം ചെയ്യണം. ബാബയുടെ നിന്ദ ചെയ്യിക്കുന്ന തരത്തിലുള്ള ഒരു കർമ്മവും ഉണ്ടാകരുത്.

2. ഉള്ളിലെ അസുഖങ്ങൾ എന്തെല്ലാമാണെന്ന് ബാബയോട് സത്യം സത്യമായി പറയണം, അവഗുണങ്ങളെ ഒളിപ്പിക്കരുത്. എന്റെയുള്ളിൽ എന്തെല്ലാം അവഗുണങ്ങളുണ്ട്? എന്ന് തന്റെ പരിശോധന നടത്തണം. പഠിപ്പിലൂടെ സ്വയം ഗുണവാനായി മാറണം.

## വരദാനം:- പരിധിയുള്ള റോയൽ ഇച്ഛകളിൽ നിന്ന് മുക്തമായിരുന്ന് സേവനം ചെയ്യുന്ന നിസ്വാർത്ഥ സേവാധാരിയായി ഭവിക്കട്ടെ.

ബ്രഹ്മാബാബ എങ്ങനെയാണോ കർമ്മത്തിന്റെ ബന്ധനങ്ങളിൽ നിന്ന് മുക്തമായി വേറിട്ടിരിക്കുന്നതിന്റെ തെളിവ് നൽകിയത്, സേവയുടെ സ്നേഹത്തിന്റേതല്ലാതെ മറ്റ് ഏതൊരു ബന്ധനവുമില്ലായിരുന്നു. സേവനത്തിൽ ഉണ്ടാകുന്ന പരിധിയുള്ള ഇച്ഛകൾ പോലും കർമ്മക്കണക്കുകളുടെ ബന്ധനത്തിൽ ബന്ധിക്കുന്നു. സത്യമായ സേവാധാരി ഈ കർമ്മക്കണക്കുകളിൽ നിന്നുപോലും മുക്തമായിരിക്കുന്നു. എങ്ങനെയാണോ ദേഹത്തിന്റെ ബന്ധനം, ദേഹത്തിന്റെ സംബന്ധങ്ങളുടെ ബന്ധനം, അതേപോലെ സേവനത്തിൽ സ്വാർത്ഥത-ഇതും ബന്ധനമാണ്. ഈ ബന്ധനത്തിൽ നിന്ന് അഥവാ റോയലായ കർമ്മക്കണക്കുകളിൽ നിന്ന് മുക്തമായി നിസ്വാർത്ഥ സേവാധാരിയാകൂ.

## സ്ലോഗൻ:- വാഗ്ദാനങ്ങളെ ഫയലിൽ സൂക്ഷിക്കാതെ ഫൈനലാക്കി(നിറവേറ്റി) കാണിക്കൂ.